"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 31.03.2023 ലെ KMMC, KMPIMST ചട്ടങ്ങളിലെ ഭേദഗതി - അധിക ഖനന/അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്ത് 2023 - ഡിമാന്റ് നോട്ടീസ് നൽകിയ ഫയലുകൾ കൂടി കുടിശ്ശിക നിവാരണ അദാലത്തിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയും, അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകിയും ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(കൈ) നം.21/2024/ID തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:- 1. 25.08.2023 ലെ സ.ഉ(കൈ)നം.61/2023/വ്യവ.

2. 06.02.2024 ലെ സ.ഉ(കൈ)നം.10/2024/വ്യവ.

3. 15.03.2024 ലെ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ ഡിഎംജി/3401/2022-എം5 നമ്പർ കത്ത്.

**ഉത്തരവ്**

മൈനിംഗ് & ജിയോളജി വകുപ്പിലെ അധിക ഖനന/ അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്ത് 2023 ന്റെ സമയപരിധി 31.03.2024 വരെ ദീർഘിപ്പിച്ച് നൽകിയും അദാലത്തിന് പരിഗണിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് 29.02.2024 വരെ സമയം അനുവദിച്ചും പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.തീർ പ്പ് കൽപ്പിക്കുവാനായി ഡിമാന്റ് നോട്ടിസ് നൽകിയ ഫയലുകൾ കൂടി അദാലത്തിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണം എന്നും നിലവിൽ അദാലത്തിന്റെ കാലാവധി 29.2.2024-ന് അവസാനിച്ച സാഹചര്യത്തിൽ ആയവകൂടി സമർപ്പിക്കുന്നതിന് അപേക്ഷകർ ക്ക് അവസരം ലഭിക്കുന്നതിനായി അദാലത്തിന് അപേക്ഷ സമർപ്പിക്കേണ്ട കാലാവധി 31.3.2024 വരെ നീട്ടി നൽകണമെന്നും പരാമർശം (3) പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീർപ്പുകൽപ്പിക്കുവാനായി ഡിമാന്റ് നോട്ടീസ് നൽകിയ ഫയലുകൾ കൂടി കുടിശ്ശിക നിവാരണ അദാലത്തിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയും, അദാലത്തിൽ പരിഗണിക്കുന്നതിന് അപേക്ഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് 31.03.2024വരെ സമയം നീട്ടിനൽകിയും 25.08.2023ലെ സ.ഉ.(കൈ)നം.61/2023/ID ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മുകളിൽ പ്രതിപാദിച്ച ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

സ.ഉ.(കൈ) നം.21/2024/ID

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി തിരുവനന്തപുരം.

എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും (മൈനിംഗ് & ജിയോളജി ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

നിയമ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 15-03-2024 19:01:19
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്.
വ്യവസായ വകുപ്പ് സെക്രട്ടറിയുടെ പി.എ.
ജോയിന്റ് സെക്രട്ടറിയുടെ സി.എ